## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 842

03/12/2014-ൽ മറുപടിക്ക്

### മരുന്നിന്റെ വിലനിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ചന്ദ്രൻ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) കേന്ദ്ര ഗവൺമെന്റ് മരുന്നിന്റെ വിലനിയന്ത്രണം നിർത്തലാക്കിയതിന്റെ ഭാഗമായി മരുന്നിന്റെ വില ക്രമാതീതമായി വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജീവൻരക്ഷാ മരുന്നുകളുടെ വിലയാണ് ഗണ്യമായി വർദ്ധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) ബാധകമല്ല. |
| സി) മരുന്നുവില നിയന്ത്രിക്കുവാൻ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | സി) മരുന്നുകൾ വില കുറച്ച് ജനങ്ങൾക്ക് ലഭിക്കുന്നതിനുവേണ്ടി നീതി, മാവേലി, കാരുണ്യ എന്നീ മെഡിക്കൽ സ്റ്റോറുകൾ വഴി മരുന്നുകൾ വിതരണം ചെയ്യാറുണ്ട്. |
| ഡി) മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ആവശ്യത്തിനു മരുന്നു നൽകാത്തതു കൊണ്ട് സർക്കാർ ആശുപത്രികളിൽ മരുന്നിന്റെ ക്ഷാമം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) മുൻകൂട്ടി തയ്യാറാക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിലാണ് കോർപ്പറേഷൻ മരുന്നുകൾ സംഭരിച്ച് വിതരണം നടത്തി വരുന്നത്. 2014-15 സാമ്പത്തിക വർഷം 242 കോടി രൂപയുടെ മരുന്നുകൾ സംഭരിക്കുന്നതിനായി മാത്രം ബഡ്ജറ്റിൽ തുക വകയിരുത്തിയപ്പോൾ 434.7 കോടി രൂപയുടെ ഇൻഡന്റാണ് ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി മരുന്നു സംഭരണത്തിനായി നൽകിയത്. ടെണ്ടർ ക്ഷണിച്ചിട്ടും വിതരണക്കാരെ ലഭിക്കാത്ത 105 ഇനം മരുന്നുകൾക്ക് ഓർഡറുകൾ നൽകുവാൻ കഴിഞ്ഞിട്ടില്ല. |

എൻ.പി.പി.എ വിലയെക്കാൾ കൂടിയ തുക ക്വാട്ട് ചെയ്ത 5 ഇനം മരുന്നുകൾക്കും 2014 മാർച്ചിൽ ക്ഷണിച്ച ടെണ്ടറിനേക്കാൾ കൂടുതൽ വില ക്വാട്ട് ചെയ്ത 15 ഇനം മരുന്നുകൾക്കും ഓർഡറുകൾ നൽകുവാൻ സാധിച്ചിട്ടില്ല. കെ.എസ്.ഡി.പി.യും മറ്റു ചില എൽ 1 ബിഡർമാരും വിതരണത്തിൽ വീഴ്ച വരുത്തിയതും ചില മരുന്നുകളുടെ വിതരണത്തിൽ കാലതാമസം നേരിട്ടിട്ടുണ്ട്. എങ്കിലും കോർപ്പറേഷൻ നടപ്പു സാമ്പത്തിക വർഷം നാളിതുവരെ 212 കോടി രൂപയുടെ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| ഇ) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | ഇ) നിലവിൽ വിതരണക്കാരെ ലഭിക്കാത്തതും കോർപ്പറേഷനിൽ ലഭ്യമല്ലാത്തതുമായ മരുന്നുകൾ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി അത്യാവശ്യത്തിന് ആശുപത്രി തലത്തിൽ തന്നെ ലോക്കൽ പർച്ചേസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ